## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2534** — **09/03/2017-ൽ മറുപടിയ്ക്ക്.**

## മിൽമ പാലിന്റെ വില വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.എസ്. ശിവകുമാർ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ക്ഷീര കർഷകർക്ക് സബ്സിഡി നൽകി വില വർദ്ധനവ് പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) | ഇതു സംബന്ധിച്ച് ശുപാർശ ലഭിയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ സാധ്യതകൾ പരിശോധിയ്ക്കുന്നതാണ്. |
| (സി) | തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് നിരോധനത്തോടനുബന്ധിച്ച് പ്ലാസ്റ്റിക് കവറുകളിൽ പാൽ വിൽക്കുന്നതിനു പകരമായി മിൽമ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | കേരളമുൾപ്പെടെ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാം തന്നെ ഡയറികളിലൂടെ പാൽ വിതരണം ചെയ്യപ്പെടുന്നതിന്റെ ഭൂരിഭാഗം പ്ലാസ്റ്റിക് (എൽഡിപിഇ- Low-Density Polyethylene) പാക്കറ്റുകളിലാണ്. ഇതിനുപകരമായി ഒരു വിപുലമായ രീതിയിലുള്ള പാക്കിംഗ് സംവിധാനം ഇതുവരെയും നിലവിൽ വന്നിട്ടില്ല. ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാക്കിംഗ് ഫിലിം ഉപയോഗിച്ചാണ് മിൽമ പാൽ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.